പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

2019 മെയ് 29, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 514

ശ്രീ. കെ.ജെ. മാക്സി

മറുപടി :

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എന്ന് മുതൽ പ്രാബല്യത്തിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തെരെഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ പ്രാബല്യത്തീയതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകു. അതിനുള്ള നടപടികൾ അതിദ്രുതം പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ടെൻഡർ സ്വീകരിച്ചു; നടത്തിപ്പവകാശം ഏത് കമ്പനിക്ക് നൽകി; ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കുമോ; | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് IRDAI അംഗീകൃത ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താത്പര്യ പത്രം ക്ഷണിക്കുകയും മൂന്ന് പൊതുമേഖലാ കമ്പനികളുൾപ്പെടെ അഞ്ച് അംഗീകൃത കമ്പനികളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിയ്ക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ RFP (Request for Proposal) പരസ്യപ്പെടുത്തുകയും ചെയ്തു. മൂന്ന് പൊതുമേഖലാ കമ്പനികളുൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ ടെക്നിക്കൽ ഇവാല്വേഷൻ കമ്മിറ്റി പരിശോധിക്കുകയും അഞ്ച് ഇൻഷ്വറൻസ് കമ്പനികളും സാങ്കേതിക യോഗ്യത നേടിയതായി വിലയിരുത്തുകയും ചെയ്തു. സാങ്കേതിക യോഗ്യത നേടിയ അഞ്ച് കമ്പനികൾ താഴെപ്പറയും പ്രകാരമുള്ള വാർഷിക പ്രീമിയം തുക (18% GST ഉൾപ്പെടെ) രേഖപ്പെടുത്തി ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കുകയുണ്ടായി.<br>1.നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹7298<br>2.ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹. 6772<br>3.ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹17700 |

| | | |
|---|---|---|
| | | 4.ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹ 9438.82<br>5.റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹ 2992.48<br>ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48/- രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27.04.2019-ലെ 49/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി. |
| (സി) | പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി ജീവനക്കാർക്കും പെൻഷൻകാർക്കും പ്രതിവർഷം എത്ര തുകയുടെ ഇൻഷ്വറൻസ് പരിധി ലഭ്യമാകും; വ്യക്തമാക്കുമോ; | അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരമുള്ള ഡേ കെയർ ചികിത്സാ പ്രകിയ ഉൾപ്പെടെയുള്ള അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും പ്രതിവർഷം **രണ്ട് ലക്ഷം രൂപ** നിരക്കിൽ അടിസ്ഥാന പരിരക്ഷ.<br>അധിക പരിരക്ഷ — പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയയുൾപ്പെടെയുള്ള ഗുരുതര ചികിത്സാ പ്രക്രിയകൾക്ക് 3 വർഷത്തെ ബ്ലോക്ക് പിരീഡിലേക്ക് ഓരോ കുടുംബത്തിനും അടിസ്ഥാന പരിരക്ഷയ്ക്ക് പുറമേ പരമാവധി 6 ലക്ഷം രൂപയുടെ കൂടി അധിക പരിരക്ഷ.<br>മേൽ സൂചിപ്പിച്ച അധിക പരിരക്ഷയിലും ചികിത്സാ ചെലവ് അധികരിക്കുന്ന പക്ഷം ഇൻഷ്വറൻസ് കമ്പനി പ്രതിവർഷം 25 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ വരെ (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) നിശ്ചിത ചികിത്സാ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻകാരിൽ നിന്നും പ്രതിമാസ പ്രീമിയമായി ഈടാക്കുവാൻ ഉദ്ദേശിക്കുന്ന തുക എത്ര; | നിർദിഷ്ട പദ്ധതിക്കായി ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും 250/- രൂപയും പെൻഷൻകാർക്ക് പ്രതിമാസം ലഭിച്ചു കൊണ്ടിരിക്കുന്ന മെഡിക്കൽ അലവൻസ് തുകയായ 300 രൂപയിൽ നിന്ന് 250 രൂപയും പദ്ധതിയുടെ പ്രീമിയം തുകയായി ഈടാക്കുന്നതാണ്. |
| (ഇ) | പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി ശിപായി മുതൽ അഡീഷണൽ സെക്രട്ടറി റാങ്ക് വരെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഒരേ തലത്തിലുള്ള പ്രതിമാസ പ്രീമിയമാണോ ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്; പ്രതിമാസ പ്രീമിയമായി ഈടാക്കുന്ന തുക എത്ര; വിശദാംശം വ്യക്തമാക്കുമോ; | |

| | | |
|---|---|---|
| (എഫ്) | സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം സർക്കാർ/സ്വകാര്യ ആശുപത്രികളെയാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | തെരെഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിയ്ക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. |
| (ജി) | ഔട്ട് പേഷ്യന്റ് (ഒ.പി.) ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുമോ; വ്യക്തമാക്കുമോ? | നിലവിൽ ഒ.പി ചികിത്സ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല . |

**സെക്ഷൻ ഓഫീസർ**